"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിൽ സ്ഥലമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.871/2026/H&FWD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:- മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2026-ലെ എഫ് 6-488/2026/ഡി.എം.ഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന് കീഴിലെ നെഞ്ചുരോഗാശുപത്രിയിലെ ആർ.എം.ഒ-യും, സുപ്രണ്ടന്റ് ഇൻ ചാർജ്ജുമായ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസ്സർ (പ്രൊവിഷണൽ) ഡോ.നോനം ചെല്ലപ്പൻ ആരോഗ്യപരമായ കാരണങ്ങളാൽ ഹോം സ്റ്റേഷനായ ആലപ്പുഴയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷയും, ആലപ്പുഴ സർക്കാർ ടി.ഡി മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ (പ്രൊവിഷണൽ) ഡോ. അജിത്കുമാർ വി.ആർ. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും ശിപാർശ ചെയ്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി .

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി . തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ (പ്രൊവിഷണൽ) ഡോ. നോനം ചെല്ലപ്പൻ-ന്റെ ആരോഗ്യപരമായ അവസ്ഥ പരിഗണിച്ച് ടിയാനെയും ആലപ്പുഴ സർക്കാർ ടി.ഡി മെഡിക്കൽ കോളേജിലെ റേഡിയോതെറാപ്പി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ ( പ്രൊവിഷണൽ) ഡോ. അജിത്കുമാർ വി.ആർ. നെയും പരസ്പരം സ്ഥലംമാറ്റി നിയമിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ / തൃശ്ശൂർ

ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് (ഡി.എം.ഇ മുഖേന)

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, ഗവ. സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (എസ് 1/3/2026/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 04-03-2026 13:04:54

സെക്ഷൻ ഓഫീസർ

പകർപ്പ്:

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി